# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5711** **18.11.2019 - ൽ മറുപടിക്ക്.**

## വയനാട് ജില്ലയിൽ പുതിയ റേഷൻ കടകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** വയനാട് ജില്ലയിൽ പുതിയ റേഷൻ കട ലൈസൻസിക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികളെന്തെന്നും വിശദമാക്കാമോ ; | **(എ) യും** | വയനാട് ജില്ലയിൽ പുതിയ റേഷൻ കട ലൈസൻസിക്കായി മൂന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയതിന്റെ ഭാഗമായി റേഷൻ കാർഡുകളുടെ എണ്ണം ഏകീകരിച്ച് നൽകി റേഷൻകടകളുടെ ക്രമീകരണം പുരോഗമിച്ചു വരുന്നതു കൊണ്ടും 1966 ലെ കേരള റേഷനിംഗ് ഓർഡർ പരിഷ്കരിക്കുന്നതിനാലും പുതിയ റേഷൻ കടകൾ അനുവദിക്കുന്നത് തൽക്കാലം പരിഗണനയിലില്ല. |
| **(ബി)** വൈത്തിരി താലൂക്കിൽ ഏതെല്ലാം റേഷൻ കടകൾ ലൈസൻസി ഇല്ലാത്തതിനാൽ മറ്റു റേഷൻ കടകളിലേക്ക് അറ്റാച്ച് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | **(ബി) യും** | വൈത്തിരി താലൂക്കിൽ 29, 96, 99 എന്നീ എ.ആർ. ഡി.കൾ മറ്റു റേഷൻ കടകളിലേക്ക് അറ്റാച്ച് ചെയ്തിട്ടുണ്ട്. |
| **(സി)** ഇത്തരത്തിൽ അറ്റാച്ച് ചെയ്യപ്പെട്ട റേഷൻ കടകളിൽ സ്ഥിരം ലൈസൻസിയെ വയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കുമോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ? | **(സി) യും** | |

**സെക്ഷൻ ഓഫീസർ**